# പ്രസിദ്ധീകരണത്തിന്

സംസ്ഥാനത്ത് ഇതുവരെ വില്പനയിൽ പോയിട്ടില്ലാത്തതും വിവിധ കാരണങ്ങളാൽ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകൾ 2025-26 സാമ്പത്തിക വർഷത്തിൽ 31.03.2026 വരെയുള്ള കാലാവധിയിലേക്ക് പുനർവില്പന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **https://etoddy.keralaexcise.gov.in** എന്ന eToddy ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന **09-05-2025 തിയ്യതി മുതൽ 17-05-2025 വരെ** അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ രണ്ട് ഘട്ടമായാണ് സമർപ്പിക്കേണ്ടത്. ഒന്നാം ഘട്ടത്തിൽ നിലവിൽ One Time Registration ഉള്ളവർക്ക് അത് പുതുക്കുന്നതിനും അല്ലാത്തവർക്ക് പുതുതായി One Time Registration എടുക്കുന്നതിനും സാധിക്കുന്നതാണ്. ആയതിന് അപേക്ഷ ഫീസ് 1000/-(ആയിരം രൂപ) ഓൺലൈനായി അടക്കേണ്ടതാണ്. ഇത്തരത്തില് One Time Registration പൂർത്തിയാക്കിയവർക്ക് മാത്രമേ വില്പനയിൽ പങ്കെടുക്കാവാന് സാധിക്കുകയുള്ളൂ. കൂടാതെ, ഒറ്റതവണ രജിസ്ട്രേഷന്റെ കാലവധി ഒരു സാമ്പത്തിക വർഷം മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ നടക്കുന്ന കള്ള് ഷാപ്പുകളുടെ എല്ലാ വില്പനയിലും പുതുക്കാത്ത ഒറ്റതവണ രജിസ്ട്രേഷനുകൾ പുതുക്കുന്നതിനും പുതിയതായി ഒറ്റതവണ രജിസ്ട്രേഷന് നടത്തുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ കാലവധി ഒരു സാമ്പത്തീക വർഷമായി നിജപ്പെടുത്തുമ്പോൾ, ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പുതുക്കുകയോ/ പുതുതായി എടുക്കുകയോ ചെയ്താൽ മതിയാകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് (keralaexcise.gov.in) സന്ദർശിക്കാവുന്നതാണ്.

COMMISSIONERATE OF EXCISE
THIRUVANANTHAPURAM

K S Gopakumar
ADDITIONAL EXCISE COMMISSIONER(ADMIN)
എക്സൈസ് കമ്മീഷണർക്കു വേണ്ടി